കടാശ്വാസം

71(5656) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും 31-12-2007 വരെ എടുത്ത വായ്പ ബാധ്യതകൾ എഴുതിതള്ളാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷൻ വഴി കടം എഴുതിതള്ളുന്നതിനുള്ള തീയതി നീട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ 2007-ൽ നിന്നും നീട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലും ചട്ടത്തിലും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും പരാമർശിച്ചിട്ടുള്ള ഉത്തമർണ്ണ സ്ഥാപനങ്ങളിൽനിന്നും, മത്സ്യത്തൊഴിലാളികൾ 31-12-2007 വരെ, മത്സ്യത്തൊഴിലാളി കടാശ്വാസ നിയമങ്ങളിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള ഉദ്ദേശത്തിനായി എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകി വരുന്നത്. വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. തീയതി നീട്ടുന്ന കാര്യം പരിഗണനയിലില്ല.

വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

72(5657) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ജനപ്രതിനിധികളുമായി കൂടിയാലോചനയ്ക്കുശേഷമാണോ തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഏതൊക്കെ പ്രവർത്തികൾക്കായി ഏതെല്ലാം ജനപ്രതിനിധികളുമായാണ് കൂടിയാലോചന നടത്തിയതെന്ന് വിശദമാക്കാമോ ;

(സി) സ്ഥലം എം.എൽ.എ.-യുമായി ഈ വിഷയത്തിൽ കൂടിയാലോചന നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly